ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 28-06-2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. കാലാവസ്ഥ പ്രവർത്തനങ്ങൾ സുതാര്യത, ഉത്തരവാദിത്വം, തുല്യത എന്നിവയിൽ അധിഷ്ഠിതമാകണമെന്ന് സെയ്ഷെൽസ് ദേശീയ അസംബ്ലിയെ അഭിസംബോധന ചെയ്ത് പ്രധാനമന്ത്രി നരേന്ദ്രമോദി.

   **Prime Minister Narendra Modi, addressing the National Assembly of Seychelles, says climate action must be anchored in transparency, accountability and equity.**

2. തദ്ദേശീയ പ്രതിരോധ ഉൽപാദനത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച്, ഇന്ത്യ കൂടുതൽ സുരക്ഷിതവും സ്വയംപര്യാപ്തവുമായി മാറുകയാണെന്ന് മൻ കീ ബാത്തിൽ പ്രധാനമന്ത്രി.

   **Prime Minister Narendra Modi, in his Mann Ki Baat programme, says India is becoming more secure and self-reliant with a strong focus on indigenous defence production.**

3. പതിനാറാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനം നാളെ പുനരാരംഭിക്കും.

   **The first session of the 16th Kerala Legislative Assembly will resume tomorrow.**

4. പുതിയ സൈനിക നീക്കങ്ങളുമായി അമേരിക്കയും ഇറാനും; അതീവ ഗുരുതരമായി പശ്ചിമേഷ്യയിലെ സുരക്ഷാ സാഹചര്യം.

**The security situation in West Asia remains highly tense as the United States and Iran step up fresh military deployments.**

5. **കേരളത്തിൽ മഴ ശക്തമാകുന്നു; 11 ജില്ലകളിൽ ഓറഞ്ച് ജാഗ്രത; കേരളം, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.**

**Heavy rainfall intensifies across Kerala; Orange Alert issued for 11 districts. Fishing has been prohibited along the coasts of Kerala, Karnataka and Lakshadweep.**

6. **ലോകകപ്പ് ഫുട്ബോൾ നോക്കൗട്ട് മത്സരങ്ങൾക്ക് ഇന്നു തുടക്കം; വനിതാ ടി-20 ലോകകപ്പ് ക്രിക്കറ്റിൽ ടോസ് നേടിയ ഇന്ത്യ, ഓസ്ട്രേലിയക്കെതിരെ ബാറ്റിങ് തെരഞ്ഞെടുത്തു.**

**The knockout stage of the FIFA World Cup begins today. In the ICC Women's T-20 World Cup, India win the toss and elect to bat against Australia.**

**&&&&&&&&&&&&&&&&&&**

## PM-SEYCHELLES ASSEMBLY ADDRESS

കാലാവസ്ഥ പ്രവർത്തനങ്ങൾ സുതാര്യത, ഉത്തരവാദിത്വം, തുല്യത എന്നിവയിൽ അധിഷ്ഠിതമാകണമെന്നു പ്രധാനമന്ത്രി നരേന്ദ്രമോദി. സെയ്ഷെൽസ് ദേശീയ അസംബ്ലിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. അസംബ്ലിയെ അഭിസംബോധന ചെയ്യുന്ന ആദ്യ ഇന്ത്യൻ പ്രധാനമന്ത്രി ആയതിൽ അദ്ദേഹം സന്തുഷ്ടി പ്രകടിപ്പിച്ചു.

**&&&&&&&&&&&&&&&&&&**

## PM-SEYCHELLES AWARD

പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് 'ഗാർഡിയൻ ഓഫ് ദി ബ്ലൂ ഹൊറൈസൺ' പ്രസിഡൻഷ്യൽ ബഹുമതി സമ്മാനിച്ച് സെയ്ഷെൽസ് പ്രസിഡന്റ് പാട്രിക് ഹെർമിനി. സുസ്ഥിര ഭൂമിക്കായുള്ള പ്രവർത്തനങ്ങൾക്കും വികസ്വര രാജ്യങ്ങളുടെ താൽപര്യങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നതിനുള്ള ശ്രമങ്ങൾക്കുമുള്ള അംഗീകാരമായാണ് ബഹുമതി സമ്മാനിച്ചത്.

**&&&&&&&&&&&&&&&&&&**

## PM SEYCHELLES VISIT - INTRO

സ്വാതന്ത്ര്യത്തിന്റെ അൻപത് വർഷങ്ങൾ സെയ്ഷെൽസ് ആഘോഷിക്കുന്ന വേളയിലാണ് തന്റെ സന്ദർശനം എന്ന് അഭിപ്രായപ്പെട്ട പ്രധനമന്ത്രി ഈ കാലയളവിൽ സൗഹൃദത്തെ വിശ്വാസമായും, വിശ്വാസത്തെ സഹകരണമായും, സഹകരണത്തെ ജനക്ഷേമമായും വളർത്തിയെടുക്കാൻ ഇരുരാജ്യങ്ങൾക്കും കഴിഞ്ഞെന്ന് അഭിപ്രായപ്പെട്ടു.

(ഹോൾഡ് വോയിസ് )

&&&&&&&&&&&&&&&&&&

## PM MKB 1

തദ്ദേശീയ പ്രതിരോധ ഉൽപ്പാദനത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച്, ഇന്ത്യ കൂടുതൽ സുരക്ഷിതവും സ്വയംപര്യാപ്തവുമായി മാറുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ആകാശവാണിയിലൂടെ മൻ കി ബാത്തിൻറെ 135-ാാം പതിപ്പിൽ ജനങ്ങളുമായി സംവദിക്കുകയായിരുന്നു അദ്ദേഹം. സ്വർണ്ണം വാങ്ങലും വിദേശ യാത്രകളും കുറച്ചു കാലത്തേക്ക് ഒഴിവാക്കുന്നതിനുള്ള ആഹ്വാനത്തിനു സജീവ പിന്തുണ നൽകിയ പൗരന്മാർക്കു ശ്രീ മോദി നന്ദി അറിയിച്ചു.

&&&&&&&&&&&&&&&&&&

## PM MKB 2

ഇന്ത്യയുടെ ശ്രമങ്ങൾക്കൊപ്പം ലോകം മുഴുവൻ കൈകോർത്ത അന്താരാഷ്ട്ര യോഗ ദിനത്തെക്കുറിച്ചും മൻ കീ ബാത്തിൽ പ്രധാനമന്ത്രി സംസാരിച്ചു. രാഷ്ട്രനിർമാണത്തിലെ ജനപങ്കാളിത്തത്തിന്റെ കരുത്ത് ഇന്ത്യയുടെ ബൃഹത്തായ സമ്പത്താണെന്നും അദ്ദേഹം പറഞ്ഞു. കായികമേഖലയിൽ യുവാക്കളുടെ എണ്ണം അതിവേഗം വർധിച്ചുവരുന്നതിൽ പ്രധാനമന്ത്രി സന്തോഷം പ്രകടിപ്പിച്ചു.

&&&&&&&&&&&&&&&&&&

## PM MKB 3- INTRO

ആധുനിക സാങ്കേതികവിദ്യയെയും പാരമ്പര്യത്തെയും കൂട്ടിയിണക്കാനുള്ള രാജ്യത്തെ പ്രമുഖ സർവകലാശാലകളുടെ ശ്രമങ്ങൾ

അഭിനന്ദനാർഹമാണെന്നും മൻ കീ ബാത്തിൽ പ്രധാനമന്ത്രി പറഞ്ഞു. നാളന്ദ സർവകലാശാല, ഡൽഹിയിലെ കേന്ദ്ര സംസ്കൃത സർവകലാശാല തുടങ്ങിയവ നിർമ്മിത ബുദ്ധി, ഡാറ്റ സയൻസ് എന്നിവയുമായി ബന്ധപ്പെട്ടു കോഴ്സുകൾ നടത്തുന്നതായി അദ്ദേഹം പറഞ്ഞു.

(പിഎം വോയ്സ്)

&&&&&&&&&&&&&&&&&&

## PM-MKB- 4

നിർമിതബുദ്ധി യുഗത്തിൽ ജനങ്ങളുടെ സർഗാത്മകത നിലനിർത്തേണ്ടതിന്റെ പ്രാധാന്യവും പ്രധാനമന്ത്രി ഉയർത്തിക്കാട്ടി. ജലസംരക്ഷണത്തിന് ഊന്നൽ നൽകിയ അദ്ദേഹം, 'ക്യാച്ച് ദി റെയിൻ' യജ്ഞത്തിന്റെ വേഗത കുറയ്ക്കരുതെന്ന് ആവശ്യപ്പെട്ടാണ് മൻ കീ ബാത്ത് പ്രഭാഷണം ഉപസംഹരിച്ചത്.

&&&&&&&&&&&&&&&&&&

## NIYAMASABHA

പതിനാറാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനം നാളെ പുനരാരംഭിക്കും. 2026-27 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റിലെ ധനാഭ്യർത്ഥനകളെക്കുറിച്ചുള്ള ചർച്ചയും വോട്ടെടുപ്പും രണ്ടു ദിവസങ്ങളിലായി നടക്കും.

&&&&&&&&&&&&&&&&&&

## WEST ASIA

അമേരിക്ക-ഇറാൻ വെടിനിർത്തൽ പൂർണമായി പരാജയപ്പെട്ടതോടെ, പശ്ചിമേഷ്യയിൽ സുരക്ഷാ സാഹചര്യം അതീവ ഗുരുതരമായി. വാണിജ്യ എണ്ണക്കപ്പലിനു നേർക്കുള്ള ഇറാൻ ഡ്രോൺ ആക്രമണത്തിനു പിന്നാലെ, ഹോർമുസ് കടലിടുക്കിന് സമീപത്തെ ഇറാനിയൻ സൈനിക കേന്ദ്രങ്ങൾക്ക് നേരെ വ്യോമാക്രമണം നടത്തിയതായി അമേരിക്ക അറിയിച്ചു. കുവൈറ്റിലെയും ബഹ്റൈനിലെയും അമേരിക്കൻ സൈനിക താവളങ്ങൾ ലക്ഷ്യമിട്ട് മിസൈൽ, ഡ്രോൺ ആക്രമണങ്ങൾ നടത്തിയാണ് ഇറാൻ പ്രതികരിച്ചത്.

&&&&&&&&&&&&&&&&&&

## VP -DRUG

ലഹരിമുക്ത ഇന്ത്യ കെട്ടിപ്പടുക്കുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങളും, കുടുംബങ്ങളും, ആരോഗ്യപ്രവർത്തകരും, പൊതു സമൂഹവും ഒത്തൊരുമിച്ച് പ്രവർത്തിക്കണമെന്ന് ഉപരാഷ്ട്രപതി ശ്രീ സി. പി. രാധാകൃഷ്ണൻ. ബെംഗളൂരുവിൽ 'നശാ മുക്ത് ഭാരത്' കോൺക്ലേവിനെ അഭിസംബോധന ചെയ്യുകയായിരുന്നു ഉപരാഷ്ട്രപതി.

&&&&&&&&&&&&&&&&&&

## CENSUS

സെൻസസ് 2027 ൻറെ ഭാഗമായി പൊതുജനങ്ങൾക്ക് സ്വന്തമായി വിവരങ്ങൾ രേഖപ്പെടുത്താനുള്ള സെൽഫ് എന്യൂമറേഷൻ സൗകര്യം രണ്ട് ദിവസം കൂടി ലഭ്യമാകും. se.census.gov.in എന്ന പോർട്ടലിലാണ് വിവരങ്ങൾ സമർപ്പിക്കേണ്ടത്.

&&&&&&&&&&&&&&&&&&

## PLUS ONE ALLOTMENT

പ്ലസ്സ് വൺ പ്രവേശനത്തിനുള്ള മൂന്നാമത്തേയും അവസാനത്തേയും അലോട്ട്മെൻറ് നാളെ. രാവിലെ 11 മണി മുതൽ പ്രവേശനം സാധ്യമാകും. ജൂലൈ 3 ന് വൈകിട്ട് 5 മണി വരെയാണ് പ്രവേശനം. കൂടുതൽ വിവരങ്ങൾ hscap.kerala.gov.in ൽ.

&&&&&&&&&&&&&&&&&&

## K MURALEEDHARAN

നിപ, ഷിഗെല്ല തുടങ്ങിയ പകർച്ചവ്യാധികളെ തടയാൻ ആരോഗ്യവകുപ്പ് സജ്ജമാണെന്ന് മന്ത്രി കെ.മുരളീധരൻ. പൾസ് പോളിയോ തുള്ളിമരുന്നു വിതരണ പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്തു നിർവഹിക്കുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&&

## RAIN KERALA

കേരളത്തിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാവകുപ്പ്. 11 ജില്ലകളിൽ ഓറഞ്ച് ജാഗ്രതാനിർദേശവും തൃശൂർ, മലപ്പുറം, പാലക്കാട് ജില്ലകളിൽ മഞ്ഞ ജാഗ്രതാനിർദേശവും നൽകിയിട്ടുണ്ട്. ലക്ഷദ്വീപിലും മഞ്ഞ ജാഗ്രതയാണ്. കേരളം - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ വ്യാഴാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

&&&&&&&&&&&&&&&&&&

## FIFA- INTRO

ലോകകപ്പ് ഫുട്ബോൾ നോക്ക്ഔട്ട് മത്സരങ്ങൾക്ക് ഇന്ന് തുടക്കം. ആദ്യ മത്സരത്തിൽ ദക്ഷിണാഫ്രിക്കയും കാനഡയും ഏറ്റുമുട്ടും. രാത്രി 12.30 നാണു കളി.

ആകാശവാണിയ്ക്ക് വേണ്ടി സുരേഷ്ബാബു ത യ്യാറാക്കിയ റിപ്പോർട്ട്....

(വോയിസ് )

&&&&&&&&&&&&&&&&&&

## WOMEN T- 20

വനിതാ ടി 20 ലോകകപ്പ് ക്രിക്കറ്റിൽ ടോസ് നേടിയ ഇന്ത്യ, ഓസ്ട്രേലിയക്കെതിരെ ബാറ്റിങ് തെരഞ്ഞെടുത്തു. ഒടുവിൽ വിവരം ലഭിക്കുമ്പോൾ ഇന്ത്യ 7-ാാം ഓവറിൽ വിക്കറ്റ് നഷ്ടമില്ലാതെ 49 റൺസ് നേടിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## CRICKET

ഇന്ത്യ - അയർലൻഡ് ടി 20 പരമ്പരയിലെ രണ്ടാമത്തെയും അവസാനത്തെയും മത്സരത്തിൽ ടോസ് നേടിയ ഇന്ത്യ, അയർലണ്ടിനെ ബാറ്റിംഗിനയച്ചു. ഒടുവിൽ വിവരം ലഭിക്കുമ്പോൾ അയർലൻഡ് 18-ാാം ഓവറിൽ 5 വിക്കറ്റിന് 142 റൺസ് എന്ന നിലയിലാണ്. ആദ്യ മത്സരത്തിൽ അയർലൻഡ് വിജയിച്ചിരുന്നു.

&&&&&&&&&&&&&&&&&&

## TVM CORPORATION

തിരുവനന്തപുരം കോർപ്പറേഷൻ ജനറൽ കൗൺസിൽ യോഗം നാളെ ചേരുമെന്ന്, മേയർ വി വി രാജേഷ്. ഭരണസ്തംഭനം ചൂണ്ടിക്കാട്ടിയുള്ള യുഡിഎഫിൻറെ അവിശ്വാസ പ്രമേയ നീക്കം സ്വാഗതം ചെയ്യുന്നതായി മേയർ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

&&&&&&&&&&&&&&&&&&

## RSS- GOPAL

അടിയന്തിരാവസ്ഥകാലത്ത് തടവുശിക്ഷ അനുഭവിച്ച മുതിർന്ന ആർ എസ് എസ് പ്രവർത്തകൻ ഗോപാൽ അന്തരിച്ചു. 80 വയസ്സായിരുന്നു.

&&&&&&&&&&&&&&&&&&

## LEBANON US CALL

ലെബനനും ഇസ്രയേലും അമേരിക്കയുടെ മധ്യസ്ഥതയിൽ ഒപ്പുവച്ച കരാറിനെക്കുറിച്ച് ചർച്ച ചെയ്യാൻ ലെബനൻ പ്രസിഡൻ്റ് ജോസഫ് ഔണും അമേരിക്കൻ പ്രസിഡൻ്റ് ഡോണൾഡ് ട്രംപും ടെലിഫോൺ സംഭാഷണം നടത്തി. അതേസമയം, കരാറിനെ പിന്തുണയ്ക്കുന്നില്ലെന്ന് ലെബനൻ ആസ്ഥാനമായ ഹിസ്ബുള്ള സായുധ സംഘം ജനറൽ സെക്രട്ടറി ഷെയ്ഖ് നയീം ഖാസിം പറഞ്ഞു.

&&&&&&&&&&&&&&&&&&

## MULLAPERIYAR

മുല്ലപ്പെരിയാർ അണക്കെട്ട് സംബന്ധിച്ച് നാളെ മൂന്നാറിൽ അന്തർ സംസ്ഥാന ചർച്ച നടക്കും. ജലവിഭവ-പാർലമെൻററി സ്റ്റാൻഡിങ് കമ്മിറ്റിയുടെ നേതൃത്വത്തിലാണ് ചർച്ച.

&&&&&&&&&&&&&&&&&&

&&&&&&&&&&&

&&&